ശ്രീ. പി. വിജയദാസ്: സർ, ഞാൻ ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു.....(ബഹളം)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ രാവിലെ ചേമ്പറിൽ വന്നപ്പോഴത്തന്നെ ചെയർ പറഞ്ഞതാണ്, പ്രഥമ പരിശോധനയിൽ അതിന് പ്രാധാന്യമുള്ളതായി ചെയറിന് ബോദ്ധ്യപ്പെട്ടിട്ടില്ല, അതുകൊണ്ട് അനുവദിച്ചിട്ടില്ലയെന്ന്. (ബഹളം)

II. ശ്രദ്ധ ക്ഷണിക്കൽ

(1) കിളിമാനൂർ നിയോജകമണ്ഡലത്തിലെ കേശവപുരം ആശുപത്രിയിൽ ഡോക്ടർമാരില്ലാത്തതുമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീമതി ഭാർഗവി തങ്കപ്പൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ ചികിൽസാസൗകര്യങ്ങൾ കുറവായതുകൊണ്ട് പൊതുജനങ്ങൾക്ക് അനുഭവപ്പെടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളിലേക്ക് മുഖ്യമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലുള്ള ഒരേയൊരു ഗവൺമെൻറാശുപത്രിയാണ് കേശവപുരത്തുള്ളത്. ആ ഗവൺമെൻറാശുപത്രി പ്രൈമറി ഹെൽത്ത് സെൻറർ അപ്ഗ്രേഡ് ചെയ്തതാണ്. അവിടെ ഏഴ് ഡോക്ടർമാരുടെ തസ്തികകളാണ് ഉള്ളത്. ഇന്ന് ആറ് തസ്തികകളിൽ മാത്രമേ നിയമനം നടത്തിയിട്ടുള്ളൂ. ഒരു തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. അതിൽ ഒരാൾ ലോങ്ങ് ലീവിലാണ്. അഞ്ചൽ പ്രൈവറ്റ് ആശുപത്രിയിലുള്ള ഒരു ഡോക്ടറെ നിയമനം നടത്തിയശേഷം അദ്ദേഹം ലീവ് എടുത്തിരിക്കുന്നു. സർജിക്കൽ സ്പെഷ്യലിസ്റ്റാണെന്നാണ് പറയുന്നത്. മറെറാരു ഡോക്ടർ ഉണ്ട്, ചൈൽഡ് സ്പെഷ്യലിസ്റ്റ് മിസ്സിസ് സുലേഖ മരയ്ക്കാർ. അവർ ലീവ് എടുത്തു. ജോയിൻ ചെയ്തതിനുശേഷം വീണ്ടും ലീവെടുത്തു. ഇപ്പോൾ ലോങ്ങ് ലീവെടുത്തിരിക്കുന്നുവെന്നാണ് പറഞ്ഞുകേട്ടത്. മറെറാരു ഡോക്ടറാണ് ഗോപകുമാർ. ആഗസ്റ്റ് 10-ാം തീയതി മുതൽ ആ ഡോക്ടറെക്കുറിച്ച് യാതൊരു വിവരവുമില്ല. അദ്ദേഹം ആശുപത്രിയിൽ ചെല്ലാറില്ല. ലീവ് എടുത്തിട്ടുമില്ല. അദ്ദേഹം ഡി.എം.ഒ. ഓഫീസുമായി നേരിട്ടാണ് ഇടപാട്. ലീവ് എടുക്കുകയും ലീവ് എക്സ്റ്റൻറ് ചെയ്യുകയും എല്ലാം ചെയ്യുന്നത് ഡി. എം. ഒ. ഓഫീസിലാണ്. ഇപ്പോൾ അൺ ഓതറൈസ്ഡ് ആബ്സെൻസാണ്. ഇന്നുവരെ ഡിപ്പാർട്ടുമെൻറ് യാതൊരു നടപടിയും അയാൾക്കെതിരെ എടുത്തിട്ടില്ല. യഥാർത്ഥത്തിൽ ജോലി ചെയ്യാൻ ഇപ്പോൾ വെറും മൂന്നു ഡോക്ടർമാരാണ് ഉള്ളത്. അതിൽ ഒരാൾ എംപ്ലോയ്മെൻറ് ഹാൻഡാണ്. ഈ റിസർവേഷൻ മണ്ഡലം സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ്. ആ പ്രദേശത്തുള്ള ഒരേയൊരു ഗവൺമെൻറാശുപത്രിയാണിത്. ആ ആശുപത്രിയിലെ ഡോക്ടർമാരിൽ ബഹുഭൂരിപക്ഷം പേരും ആശുപത്രിയിൽ ഹാജരാകുന്നില്ല. ലീവ് എടുത്തുപോകുന്നു. ലോങ്ങ് ലീവെടുക്കുന്നു. പ്രൈവറ്റ് ആശുപത്രികൾ നടത്തുന്നു. ഒരു നടപടിയും ഇന്നുവരെ സർക്കാർ എടുത്തിട്ടില്ല. അവിടെ ആവശ്യത്തിനുള്ള മരുന്നില്ല. സർജിക്കൽ കോട്ടൺ ഇല്ല. ആകെ

LIBRARY ARCHIVES Kerala Legislative Assembly

30 കിടക്കകളുള്ളതിൽ 24 കിടക്കകളും ഒടിഞ്ഞുകിടക്കുന്നു. അപ്ഗ്രേഡ് ചെയ്തപ്പോൾ 40 കിടക്കകളുള്ള ഒരു വാർഡ് പണിയാൻ ഒരു പ്രൊപ്പോസൽ കൊടുത്തു. ഇന്നുവരെ ഒരു നടപടിയും എടുത്തിട്ടില്ല. ഫലത്തിൽ 30 കിടക്കകൾ ഉണ്ടെങ്കിലും 24 കിടക്കകളും ഒടിഞ്ഞുകിടക്കുന്നതുകൊണ്ട് രോഗികൾ എങ്ങനെയാണ് അവിടെപോയി കിടക്കുക? അത് ഊഹിക്കാവുന്നതേയുള്ളൂ.

അതുപോലെതന്നെയാണ് ശുദ്ധജലവിതരണത്തിന്റെ കാര്യം. അവിടെ ഒരു വാട്ടർ പമ്പ് ഉണ്ട്. എത്രയോ നാളായിട്ട് അത് കേടായി കിടക്കുന്നു. അത് നന്നാക്കുന്നതിന് ഈ ഡിപ്പാർട്ടുമെന്റിൽ യാതൊരു സംവിധാനവുമില്ല. വെള്ളം കൊടുക്കാൻ വേണ്ടിയുള്ള ഒരു വാട്ടർപമ്പ് കേടായിക്കിടന്നിട്ട് അത് നന്നാക്കാൻ മാസങ്ങളായി തുടർച്ചയായി ഡിപ്പാർട്ടുമെന്റിൽ ആവശ്യപ്പെട്ടിട്ടും പരാതിപ്പെട്ടിട്ടും യാതൊരു നടപടിയും ഉണ്ടാകുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയോജകമണ്ഡലം കണ്ടിട്ടില്ല. ഈ റിസർവേഷൻ മണ്ഡലത്തിൽ മുഖ്യമന്ത്രിയെന്ന നിലയിൽ അങ്ങ് പ്രത്യേകമായി ഒന്നു സന്ദർശിക്കണം. അവിടെ ഒരു സൗകര്യങ്ങളുമില്ല. നമുക്കറിയാം കവലകൾതോറും ഇന്ന് പ്രൈവറ്റ് ആശുപത്രി ആരംഭിച്ചുകൊണ്ടിരിക്കുന്നു, വികസിച്ചുകൊണ്ടിരിക്കുന്നു. ആർക്കുവേണ്ടിയാണ്? പണമുള്ളവർക്കല്ലേ അവിടെപോയി ചികിൽസിക്കാൻ പറ്റുകയുള്ളൂ. പണമില്ലാത്ത പാവപ്പെട്ട ആളുകൾ എവിടെപ്പോകണം? അവിടെ എക്സ്റേ പ്ലാന്റും മറ്റ് യാതൊരു സൗകര്യങ്ങളുമില്ലാത്ത ഒരു ആശുപത്രി, ആശുപത്രി എന്നപേരിൽ എന്തിനാണ് സർ അവിടെയിട്ടിരിക്കുന്നത്? അത് അവിടെനിന്ന് പൊളിച്ചുമാറ്റിക്കൊണ്ടുപോകണം. ജനങ്ങൾ ഏതായാലും ദുരിതം അനുഭവിക്കുന്നു. ആ ദുരിതം കൂടുതൽ അനുഭവിച്ചോട്ടെ, ഗവൺമെന്റിന്റെ നയം ഇതാണെങ്കിൽ. മുഖ്യമന്ത്രി ഇവിടെ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞു എല്ലാ തസ്തികകളിലും ഡോക്ടർമാരെ നിയമിക്കും, ഡോക്ടർമാരെല്ലാം കർശനമായി നിയമിക്കുന്ന സ്ഥലത്തു പോയി ജോലിചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന്, മുഖ്യമന്ത്രി പറഞ്ഞാൽ കേൾക്കാത്ത ഡോക്ടർമാരെ എന്തിനാണ് സർ അവിടെ വച്ചിരിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ആകെ ഏഴ് ഡോക്ടർമാരാണ് അവിടെയുള്ളത്. അതിൽ മൂന്നാം. ഇപ്പോൾ ജോലിചെയ്യുന്നുണ്ട്. ഒരാൾ ലീവ് കഴിഞ്ഞ് ഉടൻതന്നെ ജോലിയിൽ പ്രവേശിക്കും. ബാക്കി മൂന്നാളുകളെ ജൂലൈമാസം 6-ാം തീയതി നിയമിച്ചു. പക്ഷേ അവർ സർവ്വീസിൽ പ്രവേശിച്ചിട്ടില്ല. അങ്ങനെ പ്രവേശിക്കാത്ത ആളുകളെ സംബന്ധിച്ചിടത്തോളം അവർക്ക് പിന്നീട് സർവ്വീസ് കൊടുക്കരുതെന്ന് ഗവൺമെന്റ് ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. എന്താണ് ചെയ്തിട്ടുള്ളതെന്ന് അന്വേഷിക്കാം. ഇങ്ങനെ മൂന്നാളുകൾ ജോയിൻ ചെയ്യാതെവന്നപ്പോൾ സെപ്തംബർ മാസം 10-ാം തീയതി മൂന്ന് ഡോക്ടർമാരെ കൂടുതലായി നിയമിച്ചിട്ടുണ്ട്. അവർ ഉടനെ ചാർജ്ജ് എടുക്കുമെന്നാണ് വിചാരിക്കുന്നത്. എന്തായാലും ശരി അങ്ങനെ ജോയിൻ ചെയ്തിട്ട് ചാർജ്ജ് എടുക്കാത്തവരുടെപേരിൽ ഡിസിപ്ലിനറി ആക്ഷൻ എടുക്കാം. പുതിയ അപ്പോയിന്റ്മെന്റാണെങ്കിൽ ഡിസ്കാളിഫൈ ചെയ്യാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ വേഗം പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: നിയമിച്ചുകഴിഞ്ഞിട്ട് ജോലിയിൽ പ്രവേശിക്കാത്ത എത്ര ഡോക്ടർമാരുണ്ട്? ലീവ് എടുത്തു നിൽക്കുന്നവരെത്ര പേരുണ്ട്?

ശ്രീ. കെ. കരുണാകരൻ: പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ നമുക്ക് മുഴുവനും കളക്ട് ചെയ്യാം.

(2) കോട്ടയം–മധുര റെയിൽവേ ലൈൻ നിർമ്മാണം

ശ്രീ. ഇ.ജെ. ലൂക്കോസ്: സർ, സാംസ്കാരിക കേന്ദ്രമായ കോട്ടയം പട്ടണവും തീർത്ഥാടനകേന്ദ്രമായ മധുരയും തമ്മിൽ ബന്ധിപ്പിക്കുന്ന കോട്ടയം–മധുര റെയിൽവേലൈൻ ആരംഭിക്കണമെന്നുള്ളകാര്യം ഇവിടെ സൂചിപ്പിക്കുവാനാണ് ഞാൻ ഈയവസരം ഉപയോഗിക്കുന്നത്. പത്രത്തറവാടിലെ മുത്തശ്ശിയായ മലയാള മനോരമയുംപ്പെടെയുള്ള പത്രങ്ങളും നടത്തുന്ന കേന്ദ്രം, അതുപോലെ അനുകൂലിച്ചും പ്രതികൂലിച്ചും "മ" മാസികകളും ആരംഭിക്കുന്ന കേന്ദ്രം എന്നെല്ലാം എല്ലാവരും അംഗീകരിക്കുന്ന ഒരു പ്രദേശമാണ് കോട്ടയം. ഏതായാലും അങ്ങനെയുള്ള കോട്ടയം പട്ടണവും മധുരയും തമ്മിൽ ബന്ധിപ്പിക്കുന്ന റെയിൽവേലൈൻ ആരംഭിക്കണമെന്ന് ഞാൻ ഇതിനുമുമ്പ് പല അവസരങ്ങളിലും സൂചിപ്പിച്ചിട്ടുണ്ട്. 1973–ൽ പീരുമേട് നിയോജകമണ്ഡലത്തിൽനിന്ന് പാർലമെന്റിൽപോയ എം.എം. ജോസഫ് അന്ന് റെയിൽവേ ഉപദേശകസമിതിയിലെ അംഗംകൂടിയായിരുന്നു. അദ്ദേഹം ഈ റെയിൽവേ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുകയും അതിന് അനുകൂലമായ മറുപടി പറയുകയും ചെയ്തിട്ടുണ്ട്. ബഹുമാന്യപ്പെട്ട നിയമവകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിതന്നെ നിയമസഭാമെമ്പർ എന്നുള്ള നിലയ്ക്ക് ഈ വേദിയിൽ ഇതേപ്പറ്റി സംസാരിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലായി പീരുമേട്ടിലെ ബഹുമാനപ്പെട്ട എം.എൽ.എ., കെ.കെ. തോമസ് ഈ 7–ാം തീയതി ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി കേരളത്തിൽവന്ന് തേക്കടി സന്ദർശിച്ചയവസരത്തിൽ ഇതേസംബന്ധിച്ച് ഒരു നിവേദനം നൽകിയിട്ടുണ്ട്. ഈ റെയിൽവേയെ സംബന്ധിച്ചിടത്തോളം കോട്ടയത്തുനിന്ന് പാമ്പാടി, പൊൻകുന്നം, കാഞ്ഞിരപ്പള്ളി, കുമിളി, തേനി വഴിയാണ് ഈ റെയിൽവേ ആരംഭിക്കേണ്ടത്. ഇടുക്കിജില്ലയെ സംബന്ധിച്ചിടത്തോളം ഇടുക്കിജില്ലയിലുള്ള കാർഷികോൽപ്പന്നങ്ങളും വ്യാവസായികോൽപ്പന്നങ്ങളും വിറ്റഴിക്കണം. അതുപോലെ തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് ആളുകൾക്ക് സഞ്ചരിക്കണം. ഇതിനെല്ലാം ഏറ്റവും പ്രധാനപ്പെട്ട ഒരു റെയിൽവേയാണ് ഈ കോട്ടയം–മധുര റെയിൽവേ ലൈൻ. തേനിയെന്നുപറയപ്പെടുന്ന സ്ഥലം വലിയ ധാന്യസംഭരണകേന്ദ്രമാണ്. കേരളത്തിൽ ആവശ്യമുള്ള ധാന്യം കൊണ്ടുവരണമെങ്കിൽ ഈ രീതിയിലുള്ള റെയിൽവേയുണ്ടാകണം. അതുപോലെതന്നെ ഇടുക്കിജില്ലയിൽത്തന്നെ ഏകദേശം രണ്ടുലക്ഷം മെട്രിക്ടൺ കുരുമുളക് ഉൽപ്പാദിപ്പിക്കുന്നുണ്ട്.

ഏലം മൂവായിരം മെട്രിക് ടൺ, കാപ്പി അൻപതിനായിരം മെട്രിക് ടൺ, തേയില ഒരുലക്ഷം മെട്രിക് ടൺ, റബ്ബർ കോട്ടയം ഇടുക്കിജില്ലകളിലായി അഞ്ചുലക്ഷം മെട്രിക് ടൺ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വ്യാവസായിക ഉൽപ്പന്നങ്ങളും വിറ്റഴിക്കണം. അതുപോലെ ആവശ്യമായിട്ടുള്ള വിത്ത്, വളം,

LIBRARY ARCHIVES Kerala Legislative Assembly